DESPATCHED
On. 14/02/2020
21-1-20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.18(6/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.91/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. വി. ശ്രീകുമാർ
പുലച്ചിലഴികത്ത് വീട്,
മുകുന്ദപുരം പി.ഒ.,
ചവറ, കൊല്ലം – 691 585. } പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
കരുനാഗപ്പള്ളി, കൊല്ലം.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഹെഡ്മിസ്ട്രസ്,
ഗവൺമെന്റ് ഡബ്ല്യു.യു.പി.എസ്.
നമ്പരുവികാല, കൊല്ലം– 690 573. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/11/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/11/2017 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 02/01/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 04/01/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21/01/2020 – കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>രണ്ടാം എതിർകക്ഷി ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. വി.ശ്രീകുമാർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഗവൺമെന്റ് ഡബ്ല്യു.യു.പി.എസ്. വിവരങ്ങൾ സമയബന്ധിതമായി നൽകുമെന്ന് ടിയാനെ അറിയിച്ചുവെങ്കിലും ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി നൽകിയില്ല എന്നും നൽകിയ വിവരങ്ങൾ തന്നെ അവ്യക്തവും അപൂർണ്ണവുമാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) ഗവൺമെന്റ് ഡബ്ല്യു.യു.പി.എസ്. നമ്പരുവികാലയിൽ 13.5.2010 മുതൽ 20.8.2015 വരെ ജോലി ചെയ്തിരുന്ന ഓഫീസ് അസിസ്റ്റന്റ് (പ്യൂൺ) ന്റെ പേരും ഔദ്യോഗിക മേൽവിലാസവും സ്ഥിരമേൽവിലാസവും നൽകണമെന്നും
2) മേൽപ്പടി ജീവനക്കാരനെതിരെ എന്തെങ്കിലും ശിക്ഷാനടപടികൾ സ്വീകരിച്ചിരുന്നോ എന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും
3) മേൽപ്പടി സ്കൂളിലെ പി.ഡി.ടീച്ചർ 3.6.2006 മുതൽ 1.12.2016 വരെ ആരായിരുന്നു എന്നും ടിയാന്റെ പേരും അഡ്രസ്സും നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മേൽപ്പടി ഓഫീസിൽ ലഭ്യമല്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് നമ്പരുവികാലയിലെ ഗവൺമെന്റ് വെൽഫെയർ യു.പി.എസ്. ഹെഡ്മാസ്റ്റർക്ക് അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്. ആയതുപ്രകാരം മേൽപ്പടി സ്കൂൾ ഹെഡ്മിസ്ട്രസ് ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി യാതൊരുവിധ ധനസഹായങ്ങളും സ്കൂളിൽ ലഭ്യമല്ലാത്തതിനാൽ അതിലേക്ക് ആവശ്യമായ തുക അയച്ചു നൽകണമെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ രണ്ടാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷാ വിഷയവുമായി ബന്ധപ്പെട്ട് ടിയാനെ ബന്ധപ്പെട്ടിരുന്നു എന്നും ആ അവസരത്തിൽ ടിയാനെ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ ലഭ്യമായിട്ടുള്ളതിനാൽ മേൽപ്പടി വിവരങ്ങൾ ടിയാന് ഈയവസരത്തിൽ ആവശ്യമില്ലെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയിരുന്ന മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ മേൽപ്പടി സ്കൂളിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് അയച്ചു നൽകേണ്ടതായിരുന്നു. അപ്രകാരം തന്നെ ബന്ധപ്പെട്ട രേഖകൾ നൽകുന്നതിലേയ്ക്കായി എത്ര തുക ഒടുക്കണമെന്ന കാര്യവും ഹർജിക്കാരനെ വിവരാവകാശ നിയമത്തിലെ 7(3)(എ) വകുപ്പു പ്രകാരം അറിയിക്കേണ്ടതായിരുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈയവസരത്തിൽ ടിയാന് ലഭ്യമായിട്ടുള്ളതിനാൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു ടിയാൻ പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 21-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION